**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തുകളിൽ നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ യോഗ്യതയിൽ ഇളവ് അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.1044/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 19.04.2013.

പരാമർശം:- 1. സ.ഉ.(സാധാ) നം. 1772/2012/തസ്വഭവ തീയതി, 27.06.2012.

2. ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ 05.03.2013 ലെ ഡിബി1/2924/2011/ എച്ച്.ആർ.ഡി (2) നമ്പർ കത്ത്.

3. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 14.03.2013 ലെ ഐ.കെ.എം/ലോബ്/സി.ഡബ്ല്യു ജി/ 26/1454/2012 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമ പഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിലേയ്ക്കായി സംസ്ഥാനത്തെ 978 ഗ്രാമ പഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേയ്ക്ക് മാത്രം നിയമിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നിഷ്ക്കർഷിച്ചിരുന്ന യോഗ്യതകൾ താഴെ പറയുന്നവയായിരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് /ഐ.എച്ച്.ആർ.ഡി / കേരള സർക്കാർ നൽകുന്ന കമ്പ്യൂട്ടർ എൻജിനീയറിംഗ് / കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് / ഇൻഫർമേഷൻ ടെക്നോളജി ത്രിവത്സര ഡിപ്ലോമ.

അല്ലെങ്കിൽ

ഏതെങ്കിലും ബിരുദം നേടിയ ശേഷം ഏതെങ്കിലും സർവകലാശാല / ടെക്നിക്കൽ എഡ്യുക്കേഷൻ കൺട്രോളർ/ഐ.എച്ച്.ആർ.ഡി/എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി -ൽ നിന്നുള്ള 3 സെമസ്റ്ററിൽ കുറയാത്ത മുഴുവൻ സമയ പി.ജി.ഡി.സി.എ / പി.ഡി.എസ്.ഇ

അല്ലെങ്കിൽ

കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദം (ബി.സി.എ)

അല്ലെങ്കിൽ

ഭാരത സർക്കാരിന്റെ ഡിഇഎസിസി -ൽ നിന്നുള്ള എ/ബി ലെവൽ സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

ബി.ടെക് /ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്

അല്ലെങ്കിൽ

ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗിലും കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുമുള്ള ബിരുദം

എന്നാൽ സി-ഡിറ്റ് നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡി.സി.എ /പി.ഡി.എസ്.ഇ കോഴ്സും ഐ.എച്ച്.ആർ.ഡി നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡി.സി.എ/

പി.ഡി.എസ്.ഇ കോഴ്സും ടെക്നിക്കൽ അസിസ്റ്റന്റിനുള്ള അംഗീകൃത യോഗ്യതയായി കണക്കാക്കണമെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടറും, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറും പരാമർശം (2), (3) കത്തുകളിലൂടെ ആവശ്യപ്പെടുകയുണ്ടായി. ഇതേ ആവശ്യം ഉന്നയിച്ച് പല ഉദ്യോഗാർത്ഥികളും സർക്കാരിൽ നിവേദനം സമർപ്പിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, പരാമർശം (1) ലെ സർക്കാർ ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്നു:

i) 60% ത്തിൽ കൂടുതൽ മാർക്കോടു കൂടിയ ബിരുദത്തോടൊപ്പം എൽ ബി എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി നടത്തുന്ന ഒരു വർഷ പി.ജി.ഡി.സി.എ / പി.ഡി.എസ്.ഇ കോഴ്സ് അല്ലെങ്കിൽ ഐ എച്ച് ആർ ഡി അല്ലെങ്കിൽ സി-ഡിറ്റ് നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡി.സി.എ / പി.ഡി.എസ്.ഇ കോഴ്സും പാസായിട്ടുള്ള വരെക്കൂടി ടെക്നിക്കൽ അസിസ്റ്റന്റ് നിയമനത്തിന് ഇനി പരിഗണിക്കുന്ന തായിരിക്കും.

ii) ഗ്രാമ പഞ്ചായത്തുകളിൽ / ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ട കളുടെ ഉത്തരവാദിത്വവും മേൽനോട്ടവും ഇൻഫർമേഷൻ കേരള മിഷൻ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർക്കായതിനാൽ പുതിയ ടെക്നിക്കൽ അസിസ്റ്റന്റുമാർ നിയമിതരാവുന്നതുവരെയോ മറ്റൊരു നിർദ്ദേശം ഉണ്ടാകുന്നതുവരെയോ ഗ്രാമ പഞ്ചായ ത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പൂർണ്ണമായ മേൽനോട്ടം ഇൻഫർമേഷൻ കേരള മിഷൻ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർക്കായിരിക്കും.

പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ ഇപ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ ജില്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം,
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ